# നന്മയോട് സഹകരിക്കുക.
# തിന്മയെ നിരാകരിക്കുക.

jthrees@hotmail.com

സദ്കർമം ഉപാസനയാണ്. ജീവിതത്തെ അത് ധന്യമാക്കുന്നു. നന്മയാണ് സദ്കർമങ്ങളുടെ ജീവൻ. നന്മയില്ലാത്ത കർമം നാശഹേതുകമാണ്. തിന്മയത്രെ അതിൻെറ ജീവൻ. തിന്മ പൈശാചികമാണ്.

നന്മ-തിന്മകൾക്ക് ജീവിതത്തിൽ വലിയ സ്ഥാനമുണ്ട്, സ്വാധീനവും. നന്മയുടെ പ്രകാശം ശക്തമാണ്. അതിനെക്കാൾ കടുത്തതാണ് തിന്മയുടെ ഇരുട്ട്. അത് രണ്ടും ജീവിതത്തെ രണ്ട് ദിശകളിലേക്ക് കൊണ്ടുപോകുന്നു. നന്മ ജീവിത വിജയത്തിലേക്കും തിന്മ ജീവിതപരാജയത്തിലേക്കും.

നന്മയോടെയാണ് മനുഷ്യജന്മം ആരംഭിക്കുന്നത്. ഭൂമിയിൽ നന്മയെ വളർത്താനാണ് അവൻെറ ജന്മം. അവിടെ നാശം വിതക്കരുതെന്ന് ദൈവം അവനോട് കല്പിച്ചു. അതിനാൽ നന്മയോടുള്ള പ്രതിപത്തി മനുഷ്യമനസ്സിൻെറ സഹജഗുണമായി നിശ്ചയിച്ചു. എല്ലാ മനുഷ്യരിലും അത് നിഗൂഢമായി കിടക്കുന്നുണ്ട്. പക്ഷേ, തിന്മയുടെ ശക്തമായ ഇരുട്ടിൽ അത് കാണാൻ പലർക്കും സാധിക്കുന്നില്ല. അത് കണ്ടെത്തിയവനാണ് ബുദ്ധിമാൻ.

നന്മയെ സ്നേഹിക്കുക. അതിനോട് സഹകരിക്കുക. അതിൻെറ വളർച്ചക്ക് തന്നാലാകുന്നത് ചെയ്യുക. അതത്രെ പുണ്യം.

നന്മയുടെ അരോചകമാണ്. അത് ചെയ്യാൻ ക്ഷമ അനിവാര്യമാണ്. തിന്മ ആകർഷകമാണ്. പിശാചാണ് അത് അലങ്കരിക്കുന്നത്. ബുദ്ധിമാന്മാർക്കു മാത്രമേ അത് പ്രാപിക്കാൻ സാധിക്കുകയുള്ളൂ.

നന്മതിന്മകളോടുള്ള സമീപനം ഇന്ന് മാറിവരുന്നുണ്ട്. ജീവിതത്തിൻെറ കാഴ്ചപ്പാടും തിരുത്തപ്പെടുന്നുണ്ട്. തെറ്റിനെ തിരുത്താൻ പലർക്കും വിമ്മിട്ടം. നന്മയോട് സഹകരിക്കാനും മടി. "എന്തെങ്കിലുമാകട്ടെ, എനിക്കെൻെറ കാര്യം." ഈ സമീപനം വളരുകയാണ്.

മനുഷ്യനെ സ്നേഹിക്കുകയും സ്വർഥം വെടിയുകയും ചെയ്യാതെ നന്മയെ സ്നേഹിക്കുവാനാകില്ല. നന്മയെ സ്നേഹിക്കാതെ ദൈവത്തെ പ്രാപിക്കാനാകില്ല. അത്തരക്കാർ പിശാചിൻെറ കൂട്ടുകാരാണ്. അവരാണ് പ്രശ്നക്കാർ. ഇന്ന് നാം അഭിമുഖീകരിക്കുന്ന ജീവിതപ്രശ്നവും അതത്രെ.

സ്വന്തത്തെ തിരിച്ചറിയാനാകാത്തതാണ് പ്രശ്നം. തൻെറ നിയോഗവും ജീവിതവും എന്തിനെന്ന ചിന്ത നഷ്ടപ്പെട്ടതാണ് രോഗം.

താൻ ആരാണെന്ന് സ്വന്തത്തെ തിരിച്ചറിയുക. തൻെറ നിയോഗം എന്തിനെന്ന് ചിന്തിക്കുക. സ്വന്തത്തെ തിരിച്ചറിയുന്നവന് ദൈവത്തെ മനസ്സിലാക്കാൻ സാധിക്കും. ദൈവത്തെ മനസ്സിലാക്കിയവന് നന്മയെ സ്നേഹിക്കാൻ സാധിക്കും നന്മയെ സ്നേഹിക്കുന്നവനു മാത്രമേ ജനത്തെ സ്നേഹിക്കാൻ സാധിക്കുകയുള്ളൂ. ആ സ്നേഹവും സഹകരണവുമാണ് ജീവിതത്തെ ശാന്തിദായകമാക്കുന്നത്.